# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.996</u>  <u>13.06.2013 -ലെ മറുപടിക്ക്.</u>

## <u>ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ സ്കൂൾ മാറ്റം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് സ്കൂൾ മാറ്റം നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) അൺ എയ്ഡഡ് സ്കൂളിൽ പ്ലസ് വൺ പഠിച്ച വിദ്യാർത്ഥിക്ക് പ്ലസ് ടു വിന് മറ്റൊരു ജില്ലയിലെ ഗവൺമെന്റ് അൺ എയ്ഡഡ്/എയ്ഡഡ് സ്കൂളിൽ പ്രവേശനം ലഭിക്കുന്നതിന് അർഹത ഉണ്ടോ ; | (ബി) അർഹതയുണ്ട്. |
| (സി) എങ്കിൽ ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ? | (സി) മേല്പറഞ്ഞ ആനുകൂല്യം ലഭിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്.<br>(1) വിദ്യാർത്ഥിയുടെ അപേക്ഷ<br>(2) വിദ്യാർത്ഥി പ്ലസ് വൺ പഠനം പൂർത്തീകരിച്ച സ്കൂളിലെ പ്രിൻസിപ്പലിന്റെ റിപ്പോർട്ട്.<br>(3) പ്ലസ് ടു പഠനത്തിന് |

2

പ്രവേശനം ആഗ്രഹിക്കുന്ന സ്കൂളിൽ, വിദ്യാർത്ഥി ഒന്നാം വർഷം പഠിച്ച സബ്ജക്റ്റ് കോമ്പിനേഷനിൽ വേക്കൻസി നിലവിലുണ്ടെന്ന് പ്രസ്തുത സ്കൂൾ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തുന്ന റിപ്പോർട്ട്.

മേൽപ്പറഞ്ഞ രേഖകൾ തൃപ്തികരമാണെങ്കിൽ മാതൃസ്കൂളിലെ പ്രിൻസിപ്പലിന് വിദ്യാർത്ഥിയെ വിടുതൽ ചെയ്യാവുന്നതും പുതിയ സ്കൂളിൽ വിദ്യാർത്ഥിക്ക് പ്രവേശനം നേടാവുന്നതുമാണ്. പ്രസ്തുത സ്കൂൾ മാറ്റം സ്കൂൾ തുറന്ന് മുപ്പത് ദിവസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ.